(ഡി) ഈ പദ്ധതിക്കായി എത്ര ഏക്കർ സ്ഥലം സർക്കാർ ഏറ്റെടുത്തിട്ടുണ്ട് ; സ്ഥലമെടുപ്പ് പൂർത്തിയായോ ; ഏതൊക്കെ പഞ്ചായത്തിൽ എത്ര ഏക്കർ സ്ഥലം വീതം ഏറ്റെടുത്തിട്ടുണ്ടെന്ന് പ്രത്യേകം പ്രത്യേകം സർവ്വേ നമ്പർ സഹിതം വിശദമാക്കുമോ ;

(ഇ) ഈ പദ്ധതിക്കായി നാളിതുവരെ വിവിധ ഇനങ്ങളിലായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് ; ഇനം തിരിച്ച് തീയതി സഹിതം വിശദമാക്കുമോ ;

(എഫ്) ഈ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്തെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണം 2011-ൽ ആരംഭിച്ച് 2014-ൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ബി) ഇപ്പോൾ വിഭാവനം ചെയ്തിരിക്കുന്ന Land Lord Model തുറമുഖ പദ്ധതി 2009 നവംബറിൽ ആണ് തുടങ്ങാൻ തീരുമാനിച്ചത്.

(സി) തുറമുഖത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുക, ആവശ്യമായ സ്ഥലം ഏറ്റെടുക്കുക തുടങ്ങിയ പ്രാഥമിക കാര്യങ്ങൾ ഈ സർക്കാർ ചെയ്ത കാര്യങ്ങളാണ്.

(ഡി) വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി വിഴിഞ്ഞം വില്ലേജിൽ നിന്നും 17-12-2010 വരെ 8.68 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. സ്ഥലമെടുപ്പ് പുരോഗമിച്ചുവരുന്നു. ഇതുവരെ ഏറ്റെടുത്ത ഭൂമിയുടെ സർവ്വെ നമ്പർ, ഉടമയുടെ പേര്, Extent, വില എന്നിവയടങ്ങിയ ലിസ്റ്റ് അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.*

(ഇ) നാളിതുവരെ സ്ഥലം ഏറ്റെടുപ്പിനായി 15.86 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. (നവംബർ 2010) നാളിതുവരെ സ്ഥലം ഏറ്റെടുപ്പ് നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

(എഫ്) തുറമുഖ പദ്ധതിക്കാവശ്യമായ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് പോർട്ട് ഓപ്പറേറ്ററെ നിശ്ചയിക്കുന്നതിനുള്ള യോഗ്യതാ നിർണ്ണയ നടപടികൾ പുരോഗമിച്ചുവരുന്നു. അടിസ്ഥാന സൗകര്യ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചു. പരിസ്ഥിതി ക്ലിയറൻസിനുവേണ്ടിയുള്ള കേന്ദ്ര ഗവൺമെന്റിന്റെ ഉത്തരവിനായി കാത്തിരിക്കുന്നു.

വിഴിഞ്ഞം തുറമുഖ പദ്ധതി

140 (206) ശ്രീ. ജോർജ് മേഴ്സിയർ :

ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി സർക്കാർ നേരിട്ട് നടത്തുമെന്ന തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി നടത്തിയ നിക്ഷേപ സംഗമത്തിൽ തുറമുഖ മേഖലയിലെ ഏതൊക്കെ സംരംഭകർ പങ്കെടുത്തു ;

(സി) ആദ്യഘട്ട വികസനത്തിന് എത്ര കോടി രൂപയുടെ നിക്ഷേപം സ്വരൂപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതുവരെ എത്ര കോടി രൂപയുടെ നിക്ഷേപം സ്വരൂപിക്കാനായി എന്നറിയിക്കുമോ ;

(ഇ) വിഴിഞ്ഞം തുറമുഖ വികസനവുമായി സഹകരിക്കാൻ ഷിപ്പിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ സന്നദ്ധത അറിയിച്ചിരുന്നുവോ ;

(എഫ്) ഇതിനായി ഷിപ്പിംഗ് കോർപ്പറേഷൻ പ്രതിനിധികളുമായി ചർച്ചകൾ നടത്തിയിരുന്നുവോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാന സർക്കാരും കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസും ചേർന്ന് സംഘടിപ്പിച്ച തുറമുഖ സംഗമത്തിൽ Reliance Infrastructure, GVK, Mundra Port, Essar shipping, GMR തുടങ്ങിയ Investors-ഉം SBT, SBI തുടങ്ങിയ ബാങ്കുകളിലെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളിലെയും പ്രതിനിധികളടക്കം അറുപതോളം സംരംഭകരും പങ്കെടുത്തു.

(സി) ആദ്യഘട്ട വികസനത്തിന് 2500 കോടി രൂപ വരെ നിക്ഷേപം സ്വരൂപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) ഇതുവരെ നിക്ഷേപം സ്വരൂപിക്കപ്പെട്ടിട്ടില്ല. തുറമുഖ പദ്ധതിയുടെ ആദ്യഘട്ട വികസനത്തിന് നിക്ഷേപം സ്വരൂപിക്കുവാനായി ഉദ്ദേശിക്കുന്ന SBT യുടെ നേതൃത്വത്തിലുള്ള ബാങ്കുകളുടെ കൺസോർഷ്യം രൂപീകരണം അന്തിമ ഘട്ടത്തിലാണ്.

(ഇ) അറിയിച്ചിരുന്നു. 2010 സെപ്റ്റംബർ 24, 25 തീയതികളിൽ വിഴിഞ്ഞം പദ്ധതി പ്രദേശം സന്ദർശിച്ചതിനുശേഷം വിഴിഞ്ഞം പദ്ധതിയുമായി സഹകരിക്കുന്നതിനുള്ള താല്പര്യം 11-10-2010-ലെ കത്ത് മുഖാന്തിരം ഷിപ്പിംഗ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ സർക്കാരിനെ അറിയിച്ചിരുന്നു. ലാൻഡ് ലോർഡ് മോഡലിലുള്ള പ്രോജക്ടിന്റെ ഒരു കോർപ്പറേറ്റ് കൺസോർഷ്യത്തിൽ അതിന്റെ നേതൃസ്ഥാനം വഹിക്കുവാൻ തയ്യാറാണെന്ന് കത്തിൽ അവർ അറിയിച്ചിരുന്നു. ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ കേരള സർക്കാരിന്റേയും ഇൻഡ്യാ ഗവൺമെന്റിന്റേയും സഹകരണത്തോടുകൂടി വിഴിഞ്ഞം പദ്ധതിയിൽ പങ്കാളിയാകണമെന്നാണ് അവരുടെ ഉദ്ദേശമെന്നും മേൽപ്പറഞ്ഞ കത്തിൽ അറിയിക്കുകയുണ്ടായി. ഷിപ്പിംഗ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ താല്പര്യത്തിന്റെ വെളിച്ചത്തിൽ വിശദമായ പ്രൊപ്പോസലും എത്രത്തോളം തുക അവർക്ക് വിഴിഞ്ഞം പദ്ധതിക്കുവേണ്ടി മുടക്കാനാകുമെന്നും

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെട്ടുകൊണ്ട് 2010 ഒക്ടോബർ 12-ന് സർക്കാർ അവർക്ക് കത്തയച്ചിരുന്നു. പക്ഷേ 21-10-2010-ലെ ഷിപ്പിംഗ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ മറുപടി കത്തിൽ വിഴിഞ്ഞം പദ്ധതിയുമായി സഹകരിക്കുന്നതിന് തത്വത്തിലുള്ള അംഗീകാരത്തിനായി ശുപാർശ ഡയറക്ടർ ബോർഡിൽ സമർപ്പിക്കുമെന്നും കൂടാതെ ഒരു ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിനുള്ള കാര്യവും ഒപ്പം അംഗീകാരത്തിനായി സമർപ്പിക്കുമെന്നും പറഞ്ഞിരുന്നു. ഡയറക്ടർ ബോർഡിന്റെ അംഗീകാരം കിട്ടിയതിനുശേഷം ഗവൺമെന്റ് പ്രതിനിധികളുമായി വിശദമായി ചർച്ച ചെയ്യാമെന്നാണ് അറിയിച്ചിരുന്നത്. അതിനുശേഷം ബോർഡ് കൂടിയതായുള്ള അറിയിപ്പോ പദ്ധതിയുമായി സഹകരിക്കുന്നതിനുള്ള താല്പര്യമോ അറിയിച്ചിട്ടില്ല.

(എഫ്) ചർച്ച നടത്തിയിരുന്നു. എങ്കിലും തുടർനടപടികളുമായി മുന്നോട്ടു പോകാൻ കഴിഞ്ഞില്ല.

വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനം

141 (207) ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടപ്പിലാക്കി എന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി അനുവദിച്ച 450 കോടി രൂപയിൽ എത്ര തുക ഇതുവരെ ചെലവഴിക്കാനായി എന്ന് വെളിപ്പെടുത്തുമോ ;

(സി) അടിസ്ഥാന സൗകര്യ വികസനത്തിനായി ഫാസ്റ്റ് ട്രാക്ക് രീതിയിൽ എത്ര ഏക്കർ സ്ഥലം ഇതുവരെ ഏറ്റെടുക്കാനായി, ഈ ആവശ്യത്തിന് ഇനിയും എത്ര ഏക്കർ സ്ഥലം കൂടി വേണ്ടിവരും ;

(ഡി) തുറമുഖ ഭാഗത്തേക്ക് റെയിൽവേ കണക്റ്റിവിറ്റി ഏർപ്പെടുത്തുന്നതിന് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(ഇ) ഇവിടത്തെ വൈദ്യുതി ലഭ്യതയ്ക്കായി നിലവിലുള്ള 66 കെ.വി.ലൈൻ 220 കെ. വി. ലൈനായി മാറ്റാനുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് ;

(എഫ്) ഇവിടെ ശുദ്ധജല വിതരണം എത്തിക്കുന്നതിനായി വാട്ടർ അതോറിറ്റിയുടെ സഹകരണത്തോടെ എന്തൊക്കെ പ്രവർത്തനങ്ങൾ ഇതുവരെ നടത്താനായി എന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly